Set C

# ആത്യന്തികവിലയിരുത്തൽ III 2025 – 26

## മാതൃകചോദ്യപേപ്പർ

## സാമൂഹ്യശാസ്ത്രം

ക്ലാസ് – 10

സമയം : 2½ മണിക്കൂർ
ആകെ സ്കോർ : 80

**നിർദേശങ്ങൾ**

- നിർദിഷ്ട സമയത്തിനുപുറമെ 15 മിനിറ്റ് 'സമാശ്വാസ സമയം' ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുവാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിനുമുമ്പ് ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിക്കുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ചില ചോദ്യങ്ങൾക്ക് ചോയ്സുകൾ നൽകിയിട്ടുണ്ട്. അവയിൽ നിന്നും ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.
- ഭൂപടത്തിൽ രേഖപ്പെടുത്തുന്നതിനുള്ള ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള ലോക ഭൂപടരൂപരേഖ ഉപയോഗിക്കുക.

© State Assessment Cell, SCERT Kerala

**1 മുതൽ 8 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം**

**(8 × 1 = 8)**

1. A കോളത്തിൽ നൽകിയിട്ടുള്ളതിന് അനുയോജ്യമായവ B കോളത്തിൽ നിന്നും കണ്ടെത്തുക.

| A | B |
|---|---|
| ഉഷ്ണമരുഭൂമികൾ | a) ലാനോസ് എന്ന പുൽമേടുകൾ കാണപ്പെടുന്നു |
| | b) വാർഷികമഴ 50 സെന്റിമീറ്റർ മുതൽ 70 സെന്റിമീറ്റർ വരെ |
| | c) ശരാശരി വാർഷിക താപനില $30^0$C |
| | d) വൻകരകളുടെ പടിഞ്ഞാറ് ഭാഗങ്ങളിലാണ് പൊതുവെ സ്ഥിതി ചെയ്യുന്നത് |

**A.** a, c

**B.** a, d

**C.** c, d

**D.** a, d

2. ഇന്ത്യൻ ആസൂത്രണത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന പദ്ധതിയായ ഗാന്ധിയൻ പ്ലാനുമായി ബന്ധപ്പെട്ട വ്യക്തിയാര്?

**A.** ജവഹർലാൽ നെഹ്റു

**B.** എസ്.എൻ. അഗർവാൾ

**C.** എം.എൻ. റോയ്

**D.** മഹാത്മാഗാന്ധി

3. ചുവടെ തന്നിട്ടുള്ളവയിൽ A വിഭാഗത്തിന് യോജിക്കുന്നവ B യിൽ നിന്നും കണ്ടെത്തുക

| A | B |
|---|---|
| നവോത്ഥാനചിത്രകല | i) ഭൂദൃശ്യങ്ങൾ<br>ii) ഛായാചിത്രങ്ങൾ<br>iii) മനുഷ്യശരീരത്തിന്റെ അയഥാർത്ഥ ചിത്രീകരണം<br>iv) എണ്ണച്ചായത്തിന്റെ ഉപയോഗം |

**A.** i, ii ശരി

**B.** i, ii, iii ശരി

**C.** ii, iii, iv ശരി

**D.** i, ii, iv ശരി

4. ചുവടെ നൽകിയിട്ടുള്ള ഏത് സാഹചര്യത്തിലാണ് 'A' എന്ന പ്രദേശത്തെ അപേക്ഷിച്ച് 'B' എന്ന പ്രദേശത്ത് കൂടുതൽ ദൈനിക താപാന്തരം രേഖപ്പെടുത്തുന്നത്.

**A.** A യും B യും സമുദ്രനിരപ്പിൽ നിന്നും വളരെ ഉയരത്തിലായിരിക്കുമ്പോൾ

**B.** A യും B യും സമുദ്രനിരപ്പിൽ നിന്നും ഏറെ അകലെയായിരിക്കുമ്പോൾ

**C.** A സമുദ്രതീരത്തും B സമുദ്രത്തിൽ നിന്നും ഏറെ അകലെയുമായിരിക്കുമ്പോൾ

**D.** B സമുദ്രതീരത്തും A സമുദ്രത്തിൽ നിന്നും ഏറെ അകലെയുമായിരിക്കുമ്പോൾ

5. ചുവടെ നൽകിയിരിക്കുന്നവയിൽ ചിപ്കോ പ്രസ്ഥാനത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടാത്തത്.

**i)** സർദാർ സരോവർ പദ്ധതിക്കെതിരായി രൂപപ്പെട്ട പ്രസ്ഥാനം

**ii)** ഉത്തരാഖണ്ഡിലെ ഹിമാലയൻ പ്രദേശങ്ങളിൽ നിന്നും വ്യവസായങ്ങൾക്കായി വൻതോതിൽ മരങ്ങൾ മുറിക്കുന്നതിനെ എതിർത്തു.

**iii)** മഴക്കാടുകളിലെ ജൈവവൈവിധ്യ സംരക്ഷണത്തിനായി പ്രവർത്തിച്ചു.

**iv)** വൃക്ഷങ്ങളെ ആലിംഗനം ചെയ്യുന്ന സമരരീതി

**A.** i, ii

**B.** ii, iv

**C.** i, iii

**D.** iii, iv

6. പ്രസ്താവന (A): ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ബഹുജന സമരമായിരുന്നു ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം.

കാരണം (R) : ചൗരിചൗരാ സംഭവമാണ് ഗാന്ധിജിയെ ഈ പ്രക്ഷോഭം ആരംഭിക്കാൻ പ്രേരിപ്പിച്ചത്.

**A.** (A) ശരിയാണ്, (A) യുടെ ശരിയായ വിശദീകരണമല്ല (R).

**B.** (A) തെറ്റാണ്, (A) യുടെ ശരിയായ വിശദീകരണമല്ല (R).

**C.** (A) തെറ്റും (R) ശരിയുമാണ്.

**D.** (A) യും (R) ഉം തെറ്റാണ്.

© State Assessment Cell, SCERT Kerala

7. പ്രതിശീർഷവരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലോകബാങ്ക് തയ്യാറാക്കിയ വികസന റിപ്പോർട്ട് പ്രകാരം ഇന്ത്യ ഉൾപ്പെടുന്ന താഴ്ന്ന ഇടത്തരം വിഭാഗത്തിന്റെ പ്രതിശീർഷ വരുമാനം തിരഞ്ഞെടുത്തെഴുതുക.

**A.** 4516 മുതൽ 14005 വരെ

**B.** 1146 മുതൽ 4515 വരെ

**C.** 1145 ൽ കുറവ്

**D.** 1461 മുതൽ 4155 വരെ

8. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് എഴുതുക.

പ്രസ്താവന 1: മൺസൂൺ കാലാവസ്ഥാമേഖല, സാവന്ന കാലാവസ്ഥാമേഖല എന്നിവ ഉഷ്ണമേഖലയിൽ ഉൾപ്പെടുന്നു.

പ്രസ്താവന 2: ടൺഡ്രാ, ടൈഗെ എന്നിവ ശൈത്യമേഖലയിൽ ഉൾപ്പെടുന്നു.

**A.** 1 മാത്രം ശരി

**B.** 2 മാത്രം ശരി

**C.** 1 ഉം 2 ഉം ശരി

**D.** 1 ഉം 2 ഉം ശരിയല്ല

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം**

**(7x 2 = 14)**

9. ഇറ്റലിയുടെ വാണിജ്യ പുരോഗതി നവോത്ഥാനത്തിന് വഴിയൊരുക്കിയതെങ്ങനെ?

10. സാമൂഹിക ജീവിതത്തെ സമ്പന്നമാക്കുന്ന ശക്തമായ നൈപുണിയും സമീപനവുമായി സമൂഹശാസ്ത്ര സങ്കല്പം മാറുന്നു. പ്രസ്താവന വിശകലനം ചെയ്യുക.

11. ഒരു പാരമ്പര്യേതര ഊർജവിഭവമായ ഹൈഡ്രജന്റെ പ്രാധാന്യം വ്യക്തമാക്കുക.

12. നിയമസഭ പാസ്സാക്കുന്ന ബില്ലുകൾ ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ അതിന്മേൽ ഗവർണർക്ക് സ്വീകരിക്കാവുന്ന നടപടികൾ വ്യക്തമാക്കുക.

13. മനുഷ്യപ്രവർത്തനങ്ങൾ അപക്ഷയത്തിന് കാരണമാകാറുണ്ടോ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുക. ഇത്തരം അപക്ഷയ പ്രവർത്തനങ്ങളെ വിളിക്കുന്ന പേരെന്ത്?

14. റൗലറ്റ് നിയമത്തിനെതിരായ സമരമാണ് ഒരു ദേശീയ നേതാവിലേക്കുള്ള മഹാത്മാഗാന്ധിയുടെ വളർച്ചയെ രേഖപ്പെടുത്തുന്നത്. പ്രസ്താവന സാധൂകരിക്കുക.

15. പ്രാഥമികാരോഗ്യകേന്ദ്രം ഏതുതരം വിഭവമാണ്? ഇവ വ്യക്തിഗത വിഭവങ്ങളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിലധികമോ വാചകങ്ങളിൽ ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം**

**(8 × 3=24)**

16. **A)** വൈവിധ്യം, ബഹുസ്വരത എന്നീ ആശയങ്ങൾ താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

**B)** ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളും നഗരങ്ങളും പരസ്പരാശ്രയത്വം പുലർത്തുന്നവയാണ്. പ്രസ്താവന സമർഥിക്കുക.

© State Assessment Cell, SCERT Kerala

17. ആർട്ടിക് വൃത്തത്തിന് വടക്കായി സ്ഥിതി ചെയ്യുന്ന കാലാവസ്ഥാമേഖല ഏത്? ഈ കാലാവസ്ഥാമേഖലയുടെ സവിശേഷതകൾ എന്തെല്ലാം?

18. ചരിത്രരചനയെ ശാസ്ത്രീയമാക്കുന്നതിൽ നവോത്ഥാനം വഹിച്ച പങ്ക് വിശകലനം ചെയ്യുക.

19. ഉൽപാദനം, വിതരണം, ഉപഭോഗം എന്നീ സാമ്പത്തിക പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതും ക്രയവിക്രയങ്ങളെ വേഗത്തിലാക്കി സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതും പണമാണ്. ഇത് എങ്ങനെയെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

20. **A)** 1975 ലെ ആഭ്യന്തര അടിയന്തരാവസ്ഥ ഇന്ത്യൻ ജനാധിപത്യത്തെ ബാധിച്ചതെങ്ങനെ? വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

**B)** ദളിത് പ്രസ്ഥാനങ്ങൾ ഇന്ത്യയിലെ സാമൂഹിക വ്യവസ്ഥയിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കുക.

21. എന്താണ് പ്രതിശീർഷ വരുമാനം? ഇത് വ്യക്തിഗതവരുമാനത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാസൂചിക എന്ന നിലയിൽ പ്രതിശീർഷ വരുമാനത്തിന്റെ പോരായ്മകൾ എന്തെല്ലാം?

22. 1929 ലെ ലാഹോർ സമ്മേളനത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ വഴിത്തിരിവായി നിങ്ങൾ കരുതുന്നുണ്ടോ? വ്യക്തമാക്കുക.

23. സാങ്കേതികവിദ്യയിലെ മുന്നേറ്റം ബാങ്കിങ് ഇടപാടുകളിൽ ഗുണപരമായ മാറ്റം ഉണ്ടാക്കി. പ്രസ്താവന വിലയിരുത്തുക.

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിലധികമോ വാചകങ്ങളിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം**

**(6 × 4=24)**

24. **A)** ഉപഭോക്തൃസംരക്ഷണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങൾ ഉപഭോക്താവിന് സംരക്ഷണം നൽകുന്നതിന് എത്രത്തോളം പര്യാപ്തമാണെന്ന് വിമർശനാത്മകമായി വിലയിരുത്തുക.

**അല്ലെങ്കിൽ**

**B)** 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമം ഉപഭോക്താക്കളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ലക്ഷ്യമിടുന്നു. നിലവിലെ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്താവന വിലയിരുത്തുക.

25. ചുവടെ നൽകിയിയിട്ടുള്ള ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് ലോകഭൂപട രൂപരേഖയിൽ അടയാളപ്പെടുത്തുക.

**A.** നാരകഫലങ്ങളുടെ ഉൽപാദനം ഏറ്റവും കൂടുതലുള്ള കാലാവസ്ഥാമേഖല

**B.** ദക്ഷിണാർധഗോളത്തിലെ ഏറ്റവും വലിയ ഉഷ്ണമരുഭൂമി

**C.** നിത്യഹരിതവനങ്ങളും ഉഷ്ണമേഖലാ ഇലപൊഴിയുംകാടുകളും വ്യാപകമായി കാണപ്പെടുന്ന ഏഷ്യയിലെ ഒരു കാലാവസ്ഥാമേഖല

**D.** ആഫ്രിക്കയിലെ മിതോഷ്ണമേഖലാ പുൽമേട്.

26. ലോകത്തിനുമുന്നിൽ തനതായ ഒരു വികസനമാതൃക അവതരിപ്പിക്കുവാൻ ഐക്യകേരളത്തിന് സാധിച്ചിട്ടുണ്ട്. പ്രസ്താവന വിലയിരുത്തുക.

27. **A)** ഗുരുത്വാകർഷണബലത്തിന്റെ നേരിട്ടുള്ള സ്വാധീനം മൂലം സംഭവിക്കുന്ന ബാഹ്യജന്യചലനങ്ങൾ ഏതാണ്? ഇവ അപരദനപ്രക്രിയകളിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**അല്ലെങ്കിൽ**

© State Assessment Cell, SCERT Kerala

**B)** വിനാശകാരികളായ ഭീമൻതിരമാലകളെ വിളിക്കുന്ന പേരെന്ത്? ഇവ രൂപം കൊള്ളുന്നത് എങ്ങനെ?

28. പൊതുജനാഭിപ്രായ രൂപീകരണത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും സമപ്രായസംഘങ്ങളും വഹിക്കുന്ന പങ്ക് താരതമ്യം ചെയ്യുക.

29. **A)** ഫ്രഞ്ച് വിപ്ലവം പിൽക്കാല ലോകചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ചു എന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വ്യക്തമാക്കുക.

**അല്ലെങ്കിൽ**

**B)** ഫ്രാൻസിലെ ബൂർബൺ രാജഭരണം ഒരു ജനവിരുദ്ധഭരണമായി മാറിയത് എന്തുകൊണ്ട്?

**30, 31 ചോദ്യങ്ങൾക്ക് ഉത്തരം വിശദീകരിച്ച് എഴുതണം. 5 സ്കോർ വീതം**

**(2 × 5=10)**

30. **A)** മഹാത്മാഗാന്ധി ഇന്ത്യയിൽ ഇടപെട്ട ആദ്യകാല സമരങ്ങളിൽ നിന്നും നിസ്സഹകരണ സമരം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വിശദമാക്കുക.


**അല്ലെങ്കിൽ**

**B)** ഒന്നാം ലോകയുദ്ധത്തെ ഒരു സാമ്രാജ്യത്വയുദ്ധമായി കണക്കാക്കുന്നത് എന്തുകൊണ്ടാണ്? വിശദമാക്കുക.

31. **A)** സ്റ്റെപ്പി എന്ന പേരിൽ അറിയപ്പെടുന്ന പുൽമേടുകൾ ഉൾപ്പെടുന്ന കാലാവസ്ഥാമേഖല ഏത്? ഈ കാലാവസ്ഥാമേഖലയുടെ സവിശേഷതകൾ എന്തെല്ലാം? മറ്റിടങ്ങളിൽ കാണപ്പെടുന്ന പുൽമേടുകളുടെ പേരെഴുതുക.

**അല്ലെങ്കിൽ**

**B)** രണ്ട് പ്രദേശങ്ങളിലെ സമമർദമേഖലകളുടെ വിതരണം സൂചിപ്പിക്കുന്ന ചിത്രമാണ് ചുവടെ നൽകിയിട്ടുള്ളത്. ചിത്രം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




**a.** കാറ്റ് അന്തരീക്ഷമർദവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിക്കുക.

**b.** മർദചരിവ് കുറഞ്ഞ പ്രദേശം ചിത്രം A, B എന്നിവയിൽ ഏതാണ്? എന്തുകൊണ്ട്?

**c.** ഏത് പ്രദേശത്താണ് കാറ്റിന്റെ വേഗത കൂടുതൽ? എന്തുകൊണ്ട്?

© State Assessment Cell, SCERT Kerala